# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 8**

---

## ഓണേഴ്സ് ബിരുദം; കോളജ് ജീവനക്കാർക്കുള്ള പരിശീലന പരിപാടി ഇന്ന്

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ അധ്യാപകേതര ജീവനക്കാർക്കായി കോളജ് ഡവലപമെന്റ് കൗൺസിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടി ഇന്ന്(ഓഗസ്റ്റ് 9) സർവകലാശാലാ അസംബ്ലി ഹാളിൽ നടക്കും.

രാവിലെ പത്തിന് സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ് ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിക്കും. പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സെനറ്റ് അംഗങ്ങളായ ഡോ. എം.കെ. ബിജു, എം.എസ്. സുരേഷ്, സജി തോമസ്, കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു തുടങ്ങിയവർ പങ്കെടുക്കും.

സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ്. സുമേഷ്, സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് കോലഞ്ചേരി സെന്റ് തോമസ് കോളജിലെ അസിസ്റ്റന്റ് പ്രഫസർ ലിജിൻ പി. മാത്യു എന്നിവർ ക്ലാസെടുക്കും.
(പി.ആർ.ഒ/39/716/2024)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഇക്കണോമെട്രിക്സ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 22 വരെ ഓൺലൈനിൽ സമർപ്പിക്കാം.

....................

ആറാം സെമസ്റ്റർ ഐഎംസിഎ (2020 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ഡിഡിഎംസിഎ (2016 അഡ്മിഷൻ സപ്ലിമെന്ററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസുകൾ ഡിസംബർ 2023), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 21 വരെ ഓൺലൈനിൽ സമർപ്പിക്കാം.
(പി.ആർ.ഒ/39/717/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബിഎ സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഏപ്രിൽ, മെയ് 2024) പരീക്ഷയുടെ ഭരതനാട്യം, മദ്ദളം, കഥകളി വേഷം, കഥകളി സംഗീതം പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/718/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**